3. ശ്രീ. സി. രാജശേഖരൻ പിള്ള, സബ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, വാഴൂർ.

(ഡി) പാമ്പാടി സബ്സ്റ്റേഷനിലെ ഷിഫ്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന ശ്രീ. കെ.കെ. സോമൻ സബ് സ്റ്റേഷൻ ഉപകരണങ്ങൾ തെറ്റായി പ്രവർത്തിപ്പിച്ചു എന്ന് സംശയിക്കുന്നു. പാമ്പാടി ഇലക്ട്രിക്കൽ മേജർ സെക്ഷനിലെ സബ് എഞ്ചിനീയർ ശ്രീ. പി.സി. ജോസഫ് വാഴൂർ ഇലക്ട്രിക്കൽ സെക്ഷനിലെ സബ് എഞ്ചിനീയർ ശ്രീ. സി. രാജശേഖരൻ പിള്ള എന്നിവർ വൈദ്യുതി പ്രവാഹം പൂർണ്ണമായി നിലച്ചു എന്ന് ഉറപ്പു വരുത്താനാവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിച്ചില്ല.

(ഇ) അപകടത്തിന് പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ട് മൂന്ന് ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) ശ്രീ. ഗോപിദാസിന്റെ നിയമാനുസൃത അവകാശികൾക്ക് സർവ്വീസ് ആനുകൂല്യങ്ങൾക്ക് പുറമേ ബോർഡിന്റെ വെൽഫെയർ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപയ്ക്കും വർക്ക്മെൻ കോംപൻസേഷൻ ആക്ട് പ്രകാരമുള്ള നഷ്ടപരിഹാര തുകയ്ക്കും അർഹതയുണ്ട്. കൂടാതെ ആശ്രിത നിയമനത്തിനും അർഹതയുണ്ട്.

107 (273) ടൂറിസം വികസനത്തിനുവേണ്ടി പദ്ധതികൾ

ശ്രീ. കെ.വി.എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ടൂറിസം വികസനത്തിനുവേണ്ടി എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പിനായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(സി) ഇവർക്ക് ശമ്പള ഇനത്തിലും മറ്റും എന്തു തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി., ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി "കേരള ഹൈഡൽ ടൂറിസം സെന്റർ" (കെ.എച്ച്.ടി.സി) എന്ന പേരിൽ ഒരു സൊസൈറ്റി 1/12/99-ൽ ക്രമ നം. 1911/1999 ആയി രജിസ്റ്റർ ചെയ്തു. ആദ്യ ഘട്ടത്തിൽ മൂന്നാർ, മാട്ടുപ്പെട്ടി, ഇടുക്കി എന്നീ പദ്ധതി പ്രദേശങ്ങളിലാണ് ടൂറിസം വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾക്കായി ബോർഡ് 10 ലക്ഷം രൂപ വായ്പയായി സംഘത്തിന് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി)&(സി) ഈ സംഘത്തിന്റെ പ്രാരംഭ ജോലികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ബോർഡിലെ തന്നെ ടൂറിസ്റ്റത്തിൽ മതിയായ യോഗ്യത നേടിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസർ (ടൂറിസം) ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി മറ്റു ജീവനക്കാരെ ആരെയും ഇതുവരെ നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly